**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം.14/2019/ധന തിരുവനന്തപുരം, തീയതി, 16/02/2019

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:

1) സ.ഉ. (പി) നം. 28/2016/ധന, തീയതി 26/02/2016
2) സ.ഉ. (പി) നം. 56/2017/ധന, തീയതി 28/04/2017
3) സ.ഉ (പി) നം. 83/2018/ധന, തീയതി, 06/06/2018
4) സ.ഉ (പി) നം. 112/2018/ധന, തീയതി, 21/07/2018

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, ഗ്രാൻറ് ഇൻ എയിഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ദിവസവേതന/കരാർ ജീവനക്കാരുടെ വേതനം പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം വർദ്ധിപ്പിച്ചിരുന്നു. പരാമർശം 3 - ലെ ഉത്തരവു അനുസരിച്ച് MTech/ME/BTech/BE/MCA വിദ്യാഭ്യാസ യോഗ്യത ഉള്ള കമ്പ്യൂട്ടർ പ്രോഗ്രാമർ, സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികകളെ യഥാക്രമം കാറ്റഗറി IX ലും കാറ്റഗറി X ലും പുതുതായി ഉൾപ്പെടുത്തുകയും പരാമർശം 4 -ലെ ഉത്തരവു അനുസരിച്ച് വേതനം പുതുക്കി നൽകുകയും ചെയ്തിരുന്നു. എന്നാൽ പരാമർശം 3, 4 എന്നീ ഉത്തരവുകളിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ, സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ യോഗ്യതയായി MSc Computer Science ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത തസ്തികകളുടെ യോഗ്യതയായി MSc Computer Science ഉം പരിഗണിക്കണമെന്നു വിവിധ ഭാഗങ്ങളിൽ നിന്നും സർക്കാരിലേക്ക് നിവേദനങ്ങൾ ലഭിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയ്ക്ക് MSc Computer Science ഒരു യോഗ്യതയായി കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ജോലി നോക്കുന്ന MSc Computer Science യോഗ്യതയുള്ള ജീവനക്കാർക്കും ദിവസ വേതന കരാർ ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട പൊതു ഉത്തരവിലെ MTech/ME/BTech/BE/MCA യോഗ്യതയുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെ വേതനം അനുവദിക്കാവുന്നതാണ് എന്ന് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിതാ കുമാരി.റ്റി**

അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്,

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം
2. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ), കേരള. തിരുവനന്തപുരം
3. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ

4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
5. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
7. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
8. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
9. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം
10. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം
11. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
12. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
14. ഗവർണ്ണറുടെ സെക്രട്ടറി
15. മുഖ്യമന്ത്രിയുടേയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
16. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
17. എല്ലാ വകുപ്പമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
18. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
19. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
20. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
21. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
22. നോഡൽ ഓഫീസർ www.finance.kerala.gov.in
23. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ